2. ന്യൂ ഇൻഡ്യ ഹയർ സെക്കണ്ടറി സ്കൂൾ, റാസൽ-ഖൈമ, യു.എ.ഇ.

രണ്ടാം റാങ്ക് - ന്യൂ ഇൻഡ്യൻ മോഡൽ സ്കൂൾ, ദുബായ്.

മൂന്നാം റാങ്ക് - ന്യൂ ഇൻഡ്യൻ മോഡൽ സ്കൂൾ, ദുബായ്.

ടെക്നിക്കൽ

ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ - മോഡൽ ടെക്നിക്കൽ സ്കൂൾ, കല്പൂർ, കൊച്ചി.

ആർട്ട് ഹയർ സെക്കണ്ടറി

ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ - കലാമണ്ഡലം ഹയർ സെക്കണ്ടറി സ്കൂൾ, ചെറുതുരുത്തി.

(ബി) 1. ശ്രീ. എൻ. രവീന്ദ്രനാഥ്, എച്ച്.എസ്.എസ്. തേവള്ളി, കൊല്ലം.

2. ശ്രീ. പി.ജെ. ജോസ്, ജി.എച്ച്.എസ്.എസ്, തൊടുപുഴ.

3. ശ്രീമതി ത്രേസ്യാമ്മ മാത്യു, പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പുമല, തൊടുപുഴ.

4. ശ്രീ. വി. സുന്ദരേശൻ, പ്രിൻസിപ്പൽ, ജി.എച്ച്. എസ്.എസ്., കിളിമാനൂർ, തിരുവനന്തപുരം.

5. ശ്രീ. സ്റ്റീഫൻ സി.എൽ, പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. പള്ളിത്തുറ, തിരുവനന്തപുരം.

6. ശ്രീ. കെ. അബൂബേക്കർ, ബി.ജി.എച്ച്.എസ്.എസ്., താനൂർ, മലപ്പുറം.

7. ശ്രീ. കെ.കെ.വർക്കി, ജി.എച്ച്.എസ്.എസ്., ചാലപ്പുറം.

8. ശ്രീ. വി. കൃഷ്ണൻ, പ്രിൻസിപ്പൽ, ഇക്ബാൽ എച്ച്.എസ്.എസ്., കാഞ്ഞങ്ങാട്, കാസർഗോഡ്.

(സി) ആദ്യമായാണ് ഇവർ ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് പരീക്ഷകരായി പോയിട്ടുള്ളത്.

വി.എച്ച്.എസ്. കോഴ്സുകൾക്ക് അംഗീകാരം

61 (844) ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറികളിൽ അനുവദിച്ചിട്ടുള്ള പല കോഴ്സുകളും പി.എസ്.സി. അംഗീകരിക്കാത്തതുകൊണ്ട് പ്രസ്തുത കോഴ്സ് പാസ്സായ ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ട് അനുവദിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില യൂണിവേഴ്സിറ്റികൾ അംഗീകരിക്കാത്തതുകൊണ്ട് വി.എച്ച്.എസ്.സി. പാസ്സായ കുട്ടികൾക്ക് ഉന്നത പഠനത്തിന് ബുദ്ധിമുട്ടുണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൂടുതൽ കോഴ്സുകൾക്ക് അംഗീകാരം നൽകാൻ പി.എസ്.സി. യോട് ആവശ്യപ്പെടുന്നുണ്ട്. പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി വിവിധ യൂണിവേഴ്സിറ്റികളുമായി കത്തിടപാടുകൾ നടത്തി വരുന്നു.

കരകുളം വി.എച്ച്.എസ്.സി.യിൽ പുതിയ കോഴ്സ്

62 (845) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കരകുളം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 'ലൈവ് സ്റ്റോക്ക് മാനേജുമെന്റിൽ' പുതിയ കോഴ്സ് തുടങ്ങുന്നത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കോഴ്സ് ഈ അദ്ധ്യയന വർഷം തന്നെ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾ പി.റ്റി.എ. പ്രസിഡന്റിന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര സ്കൂളിൽ ഹ്യൂമാനിറ്റീസ് കോഴ്സ്

63 (846) ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര ഹയർ സെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ് കോഴ്സ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സ്കൂൾ മാനേജരുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹ്യൂമാനിറ്റീസ് കോഴ്സ് അനുവദിക്കാൻ നിർവാഹമില്ലാത്തതിനാൽ സയൻസിന്റെ ഒരു ബാച്ച് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly